**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

ബഹു.മുഖ്യമന്ത്രിയുടെ പത്തിനപരിപാടിയുടെ ഭാഗമായി സ്കൂൾ കുട്ടികൾക്ക്, "സത്യമേവ ജയതേ" എന്ന പേരിൽ ഡിജിറ്റൽ മീഡിയയിലും ഇൻഫർമേഷൻ ടെക്നോളജിയിലും അവബോധവും പരിശീലനവും നൽകുന്നത്- മാർഗനിർദേശങ്ങൾ അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

**പൊതു വിദ്യാഭ്യാസ( ഡി )വകുപ്പ്**

സ.ഉ.(സാധാ) നം.4963/2021/പൊ.വി.വ തീയതി,തിരുവനന്തപുരം, 03/11/2021

പരാമർശം:-

1. ബഹു. മുഖ്യമന്ത്രിയുടെ ഒ.എസ്.ഡി.യുടെ 7.9.2021 ലെ 2021/016/cmo നാം കത്ത്
2. പൊതു വിദ്യഭ്യാസ ഡയറക്ടറുടെ 12.10.2021 ലെ NEP(3)/28140/2021/DGE നാം കത്ത്
3. പൊതു വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ 21.10.21 ന നടന്ന യോഗത്തിന്റെ നടപടികുറിപ്പ
4. എസ്.ഐ.ഇ.ടി ,ഡയറക്ടറുടെ 20.10.2021 ലെ 1102/SIET /Campaign/2021/874 നാം കത്ത്

**ഉത്തരവ്**

ബഹു.മുഖ്യമന്ത്രിയുടെ പത്തിനപരിപാടിയുടെ ഭാഗമായി "സത്യമേവ ജയതേ" എന്ന പേരിൽ ഡിജിറ്റൽ മീഡിയയിലും ഇൻഫർമേഷൻ ടെക്നോളജിയിലും അവബോധവും പരിശീലനവും നല്കുന്നതിനുവേണ്ടി കുട്ടികൾക്ക് സ്കൂൾ തലത്തിൽ ഈ പരിപാടി പരിശീലിപ്പിക്കുന്നതിലേക്ക് അദ്ധ്യാപകരെ പ്രാപ്തരാക്കുന്നതിനായി ഓരോ സ്കൂൾ തലത്തിലും അദ്ധ്യാപകർ പരിശീലനം സിദ്ധിച്ചശേഷം അവരുടെ സ്കൂളിലെ കുട്ടികൾക്ക് പരിശീലനം നൽകുന്നതിനാണ് പരിപാടി തയ്യാറാക്കേണ്ടതെന്നും സംസ്ഥാനത്തെ പ്രൈമറി, സെക്കണ്ടറി, ഹയർസെക്കണ്ടറി മേഖലയിൽ ആകെയുള്ള 169373-ഓളം അദ്ധ്യാപകർക്ക് പരിശീലനം നൽകേണ്ടതുണ്ടെന്നും സൂചന പ്രകാരം (2) പ്രകാരം പൊതു വിദ്യഭ്യാസ ഡയറക്ടർ അറിയിച്ചിരുന്നു

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. "സത്യമേവ ജയതേ" എന്ന പരിപാടി സംസ്ഥാനത്തെ മുഴുവൻ അദ്ധ്യാപകരിലും പരിശീലനം പൂർത്തിയാക്കുന്നതിനും തുടർന്ന് വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നതിനും ചുവടെ പറയുന്ന നിർദേശങ്ങൾ അംഗീകരിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു

(1) ഡിസംബർ ആദ്യ വാരം അധ്യാപക പരിശീലനം ആരംഭിക്കുകയും ജനുവരി 30-ഓടെ കുട്ടികൾക്കുള്ള പരിശീലനം പൂർത്തിയാക്കുകയും വേണം.

(2) ഒന്നു മുതൽ പത്തു വരെ ക്ലാസുകളിൽ കൈറ്റും ഹയർസെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി മേഖലയിൽ എസ്.ഐ.ഇ.ടി-യും പദ്ധതിക്കാവശ്യമായ പരിശീലനങ്ങൾ നടത്തണം.

( 3 ) ഇതിനാവശ്യമായ ഭരണപരമായ സഹായങ്ങൾ ജില്ലാതലത്തിൽ വിദ്യാഭ്യാസ ഓഫീസർമാർ ഏർപ്പെടുത്തണം.

(4) പൊതുവിദ്യാഭ്യാസ വകുപ്പ് തയ്യാറാക്കുന്ന മൊഡ്യൂൾ ഉപയോഗിച്ചാണ് പരിശീലനം നടത്തേണ്ടത്. മൊഡ്യൂൾ എസ്.സി.ഇ.ആർ.ടിയും കൈറ്റും എസ്.ഐ.ഇ.ടിയും ചേർന്ന് ചർച്ച ചെയ്ത് അന്തിമരൂപം നൽകണം.

(5) കൈറ്റിന്റെ ലിറ്റിൽ കൈറ്റ്സ് പദ്ധതിയുടെ ഭാഗമായി അധിക പ്രവർത്തനങ്ങൾ നടത്താം

(6) പരിശീലനത്തിന് കൃത്യമായ മോണിറ്ററിംഗ് സംവിധാനം ഉണ്ടായിരിക്കണം.

(7) ഈ പരിപാടിക്കാവശ്യമായ തുക എസ്.ഐ.ഇ.ടിയും കൈറ്റും അവരവരുടെ കൈവശമുള്ള ഫണ്ടിൽ നിന്നും കണ്ടെത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
A P M Mohammed Hanish
പ്രിൻസിപ്പൽ സെക്രട്ടറി

1. പൊതു വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ,തിരുവനന്തപുരം
2. ബഹു. മുഖ്യമന്ത്രിയുടെ ഒ.എസ്.ഡി,തിരുവനന്തപുരം
3. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ,കൈറ്റ് ,തിരുവനന്തപുരം
4. ഡയറക്ടർ,എസ്.സി.ഇ.ആർ.ടി,തിരുവനന്തപുരം
5. ഡയറക്ടർ,SIET,തിരുവനന്തപുരം
6. അക്കൗണ്ടന്റ് ജനറൽ (എ &ഇ ,ഓഡിറ്റ്),തിരുവനന്തപുരം
7. സ്റ്റോക്ക് ഫയൽ ഓഫീസിൽ കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Sindhu S
Date: 05-11-2021 12:03:24
Reason: Approved

സെക്ഷൻ ഓഫീസർ

ബഹു.പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു. മുഖ്യമന്ത്രിയുടെ ഒ.എസ്.ഡിയുടെ സി .എ യ്ക്ക്
പൊതു വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി .എ യ്ക്ക്